# പതിനഞ്ചാം കേരള നിയമസഭ

# പന്ത്രണ്ടാം സമ്മേളനം

2024 ഒക്ടോബർ 8, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള കർമ്മപദ്ധതി**

*31 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുള്ള കർമ്മപദ്ധതിയും പരിഷ്കാരങ്ങളും നടപ്പാക്കുന്നതിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനം നേടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത, ഗതാഗത സൗകര്യങ്ങൾ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ കാര്യക്ഷമത തുടങ്ങിയ മേഖലകളിലെ മികച്ച പ്രകടനം ഒന്നാം സ്ഥാനം നേടുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള മേഖലകളിൽ ഉയർന്ന വേതനം ലഭ്യമാകുന്ന തൊഴിലുകൾ ഉറപ്പാക്കുന്നതിനു നടപ്പാക്കിയ വ്യവസായ വികസന പരിപാടികളിലൂടെ കഴിഞ്ഞിട്ടുണ്ടോ; ഇത്തരം കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ സംസ്ഥാനത്തേക്കെത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) മുണ്ടക്കൈ-ചൂരൽമല-അട്ടമല പ്രദേശങ്ങളിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ അടങ്ങിയ എൺപതോളം യൂണിറ്റുകൾ ഉരുൾപൊട്ടലിൽ നഷ്ടമായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം

സംരംഭങ്ങൾക്ക് ഊന്നൽ നൽകിയുള്ള നൂതന പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>സ്വർണ്ണ കച്ചവടത്തിലെ നികുതി ചോർച്ച തടയാൻ ഇ-വേ ബിൽ</u>**

*32 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണ കച്ചവടത്തിൽ നിന്ന് വൻതോതിൽ നികുതി ചോരുന്ന സാഹചര്യത്തിൽ, ബിസിനസ്-ടു-ബിസിനസ് സ്വർണ്ണ ഇടപാടുകൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കാലതാമസം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിൽ നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്നും വിശദമാക്കുമോ;

(സി) സ്വർണ്ണ വ്യാപാരികളുടെ ജി.എസ്.ടി റിട്ടേണിലെ വാർഷിക നീക്കിയിരിപ്പിന്റെ മുഖവില ഇൻകംടാക്സ് മാതൃകയിൽ യഥാർത്ഥ മാർക്കറ്റ് വില അനുസരിച്ച് ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് രീതിയിൽ പരിഷ്കരിക്കാൻ ജി.എസ്.ടി കൗൺസിലിൽ ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

**<u>സാമ്പത്തിക പ്രതിസന്ധിയും വികസന പ്രവർത്തനങ്ങളും</u>**

*33 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മൂലം വികസന പ്രവർത്തനങ്ങൾ മാറ്റിവയ്ക്കാനും വെട്ടിച്ചുരുക്കാനും തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുള്ള തുക അനുവദിക്കുന്നതിൽ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനങ്ങൾ അടിസ്ഥാനസൗകര്യ വികസന പദ്ധതികളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>സഹകരണ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികൾ</u>**

*34 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും കണക്കിലെടുത്ത് സഹകരണ മേഖലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമൂഹത്തിലെ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനും അവരെ ചേർത്തു പിടിക്കുന്നതിനുമായി നടപ്പാക്കുന്ന പദ്ധതികൾ വിജയകരമാണോയെന്ന് വിശദമാക്കുമോ;

(സി) മുണ്ടക്കൈ ഉരുൾപ്പൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ട ജനവിഭാഗങ്ങളുടെ സഹകരണ സ്ഥാപനങ്ങളിലെ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

## <u>ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി</u>

*35 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ മുടങ്ങുന്നത് സാധാരണക്കാരായ ജനങ്ങളെ ദുരിതത്തിലാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സാമൂഹ്യക്ഷേമ പദ്ധതികളിലെ ആനുകൂല്യങ്ങളും ജീവനക്കാർക്കുള്ള കുടിശികകളും വിതരണം ചെയ്യുമെന്ന് നിയമസഭയിൽ ചട്ടം 300 പ്രകാരം മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ആനുകൂല്യ വിതരണത്തിനായി തുക അനുവദിക്കാൻ സാധിച്ചിട്ടുണ്ടോ; ആകെ കുടിശികയുടെ എത്ര ശതമാനം തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) കുടിശിക വിതരണത്തിന് ആവശ്യമായ തുക അനുവദിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ഡി) ക്ഷേമ പദ്ധതികളിലെ ആനുകൂല്യങ്ങളുടെ കുടിശിക വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>സിറ്റി ഗ്യാസ് പദ്ധതി</u>

*36 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പ്രകൃതിവാതകം എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായി ഏതെല്ലാം ഏജൻസികളെയാണ്

ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും അവരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ ഇടപെടൽ സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ്; ഈയിനത്തിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ?

**<u>സഹകരണ മേഖലയുടെ ആധുനികീകരണം</u>**

*37 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ആധുനികീകരണത്തിനും സാങ്കേതികവിദ്യാധിഷ്ഠിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കേരള ബാങ്കിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ഡി) സഹകരണ സർവീസ് പരീക്ഷകൾ ഓൺലൈൻ സംവിധാനത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

**<u>ഓണക്കാലത്ത് സാമ്പത്തിക ഞെരുക്കം മറികടക്കാൻ നടത്തിയ ഇടപെടലുകൾ</u>**

*38 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങൾ കാരണം രൂപപ്പെട്ട സാമ്പത്തിക ഞെരുക്കത്തിന്റെയും പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച പ്രതിസന്ധിയുടെയും പശ്ചാത്തലത്തിൽ ഓണക്കാലത്ത് പൊതുവിപണിയിൽ പണമെത്തിക്കുന്നതിന് നടത്തിയ ഇടപെടലുകൾ ഫലപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രവർത്തനമില്ലാത്ത കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ് ഗ്രേഷ്യ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിരുന്നുവോ ; വിശദമാക്കുമോ;

(സി) കുടിശികയായ ക്ഷേമ പെൻഷൻ വിതരണം ഈ വർഷവും അടുത്ത വർഷവുമായി വിതരണം ചെയ്തു തീർക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതോടനുബന്ധിച്ച് ക്ഷേമ പെൻഷൻ കുടിശികയുടെ എത്ര ഗഡു ഈ ഓണക്കാലത്ത് വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി.യിൽ പ്രതിമാസ ബില്ലിംഗ്

*39 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ദ്വൈമാസ ബില്ലിംഗിന് പകരം പ്രതിമാസ ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രതിമാസ ബിൽ തയ്യാറാക്കുന്നതിനായി പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(സി) ഉപഭോക്താക്കളെ സ്വയം മീറ്റർ റീഡിംഗ് എടുക്കാൻ അനുവദിക്കുമോ; എങ്കിൽ അതിന്റെ ചാർജ് കണക്കാക്കാൻ സംവിധാനമുണ്ടോ; വിശദമാക്കുമോ?

## ടി.ഒ.ഡി മീറ്റർ സ്ഥാപിക്കാനുള്ള നടപടി

*40 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാൻ ടെൻഡർ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ സമയത്തിനനുസരിച്ച് വൈദ്യുതി നിരക്കിൽ വർദ്ധന നടപ്പാക്കുന്നതിനായി ടൈം ഓഫ് ഡേ മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത മീറ്ററിന്റെ പ്രവർത്തനം ഏത് രീതിയിലാണെന്നും ഇതു സ്ഥാപിക്കുന്നതിനായി എത്ര രൂപയുടെ ചെലവ് വരുമെന്ന കണക്കും ലഭ്യമാക്കുമോ;

(സി) കേന്ദ്ര നിബന്ധനപ്രകാരം സംസ്ഥാനത്തെ എല്ലാ ഉപഭോക്താക്കൾക്കും 2026 ഡിസംബറോടെ സ്മാർട്ട് മീറ്റർ സ്ഥാപിക്കണം എന്നിരിക്കെ ടി.ഒ.ഡി മീറ്റർ സ്ഥാപിക്കാനുള്ള നടപടികളുടെ പ്രസക്തി എന്താണ്; വ്യക്തമാക്കുമോ?

## കയർ വ്യവസായ മേഖലയിലെ പ്രതിസന്ധി നേരിടാൻ നടപടി

*41 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കയർ മേഖലയിൽ ദീർഘകാലമായി വേതന പരിഷ്കരണം നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി വേതനം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ;

(സി) ഉൽപാദന ചെലവിലെ വർദ്ധനവും പച്ചത്തൊണ്ടിന്റെ ദൗർലഭ്യവും മറ്റു തൊഴിൽ മേഖലയെ അപേക്ഷിച്ച് വേതനം കുറവാണെന്നതും ഉൾപ്പെടെയുള്ള പ്രതിസന്ധികൾ നേരിടുന്ന കയർ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

## പാലക്കാട് വ്യവസായ നഗരം

*42 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വ്യവസായ നഗരം നിർമ്മിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനപ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ വ്യവസായ നഗരത്തിൽ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വ്യവസായ സംരംഭങ്ങളാണ് തുടങ്ങാൻ ആലോചിക്കുന്നതെന്നും അതിലൂടെ എത്രപേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

## വ്യവസായ വികസനത്തിൽ ഉന്നതസ്ഥാനം

*43 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിൽ രാജ്യത്ത് ഉന്നത സ്ഥാനത്തേക്ക് സംസ്ഥാനത്തെ എത്തിക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് സമാഹരിക്കാനായ നിക്ഷേപം എത്രയെന്ന് അറിയിക്കുമോ;

(സി) രാജ്യത്ത് വ്യവസായ സൗഹൃദ റാങ്കിങ്ങിൽ നിലവിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കുമോ?

## വ്യവസായ വകുപ്പിന്റെ നാലാം നൂറുദിന കർമപരിപാടി

*44 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നാലാം നൂറുദിന കർമപരിപാടികൾക്ക് വ്യവസായ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കർമ്മപരിപാടിയിൽ സംരംഭ സഭ, സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന പ്ലാന്റ്, കെ.എം.എം.എൽ-ൽ ആസിഡ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പരിപാടിയുടെ ഭാഗമായി നിക്ഷേപകരുടെ സംസ്ഥാനതല സംഗമം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം' എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>പിന്നാക്ക ജില്ലകളിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ നടപടി</u>

*45 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, ഇടുക്കി, കാസർഗോഡ് എന്നീ പിന്നാക്ക ജില്ലകളിൽ അപേക്ഷിക്കുന്നവർക്ക് ആവശ്യാനുസരണം വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത അവസ്ഥ നിലവിൽ ഉണ്ടോ;

(ബി) ഈ ജില്ലകളിലെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ സ്പെഷ്യൽ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?;

(സി) പ്രസ്തുത പ്രദേശങ്ങളിൽ പുതിയ സബ്സ്റ്റേഷനുകൾ, ട്രാൻസ്ഫോർമറുകൾ, ലൈനുകളുടെ വിപുലീകരണം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ടോ എന്നും ഈ പണികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വ്യവസായ വികസനസാധ്യതകൾ</u>

*46 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി വ്യവസായ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കയറ്റുമതി നയം രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) ചരക്കുനീക്കവുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക് പാർക്കുകളും ലോജിസ്റ്റിക് ടൗണുകളും സ്ഥാപിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഖാദി മേഖലയിലെ പ്രതിസന്ധി

*47 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിലെ തൊഴിലാളികൾക്ക് വേതന ഇനത്തിൽ നൽകേണ്ട സർക്കാർ വിഹിതം മുടങ്ങിയതിനാൽ തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) തൊഴിലാളികൾക്കുള്ള ഇൻകം സപ്പോർട്ട് സ്കീം, വസ്ത്രങ്ങൾക്കുള്ള റിബേറ്റ് എന്നിവ ഉൾപ്പെടെ കുടിശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ കൂടുതൽ വിപണി കണ്ടെത്തി ഖാദി മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വ്യവസായ മേഖലകളിൽ സോളാർ പദ്ധതി നിർബന്ധമാക്കാൻ നടപടി

*48 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സോളാർ പ്ലാന്റുകൾ കൂടുതലായി അനുവദിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രധാനപ്പെട്ട വ്യവസായ മേഖലകളിൽ സോളാർ പദ്ധതികൾ നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കൽ

*49 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; നിലവിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ട്രഷറി നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിനും ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ട്രഷറി നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തെ പ്രതിസന്ധിയിലാക്കുമെന്നതിനാൽ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സഹകരണ മേഖലയുടെ ഉന്നമനത്തിനായി സഹകരണ പുനരുദ്ധാരണ നിധി

*50 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന നയപരിപാടികളുടെ ഭാഗമായി സഹകരണ പുനരുദ്ധാരണ നിധി സംസ്ഥാനത്ത് നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രതിസന്ധി മൂലം ദുർബലമാകുന്ന സംഘങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്ന പ്രസ്തുത നിധിയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉന്നതാധികാര സമിതിയുടെ ഘടനയും പ്രവർത്തനവും വിശദീകരിക്കുമോ;

(സി) പ്രസ്തുത നിധിയുടെ പ്രവർത്തനത്തിനാവശ്യമായ മൂലധനം ഏതു രീതിയിൽ കണ്ടെത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ; നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

*51 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തിലെ പ്രധാനപ്പെട്ട ഒരു വാണിജ്യ കേന്ദ്രമാക്കി വിഴിഞ്ഞം തുറമുഖത്തെ മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാജ്യത്തെ ആദ്യത്തെ ട്രാൻസ്ഷിപ്മെന്റ് തുറമുഖമായി പ്രവർത്തിക്കാൻ വിഴിഞ്ഞത്തിന് കേന്ദ്ര തുറമുഖമന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതോടെ മദർഷിപ്പുകൾക്ക് അടുക്കാനും ചരക്കുകൾ കൈമാറ്റം ചെയ്യാനും

സംവിധാനമുള്ള ഇന്ത്യയിലെ ആദ്യ തുറമുഖമായി വിഴിഞ്ഞം മാറിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) വിഴിഞ്ഞം പദ്ധതിപ്രദേശത്ത് സർക്കാർ നേരിട്ടും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നും സാമൂഹിക പ്രതിബദ്ധതാ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തീകരിക്കുന്നതിനോടൊപ്പം ഏതെല്ലാം അനുബന്ധ പശ്ചാത്തലസൗകര്യ വികസന പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നത്; പശ്ചാത്തല സൗകര്യ വികസന പദ്ധതികളിൽ പ്രധാനപ്പെട്ട ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വാർഷിക പദ്ധതികളുടെ അടങ്കൽ തുക വെട്ടിക്കുറയ്ക്കൽ</u>**

*52 **ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിമൂലം വാർഷിക പദ്ധതികളുടെ അടങ്കൽ തുക വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം ഭരണാനുമതി നൽകിയ പദ്ധതികളെ എപ്രകാരം ബാധിക്കുമെന്നാണ് കരുതുന്നതെന്നു വിശദമാക്കുമോ;

(സി) ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>ഹരിത ഹൈഡ്രജൻ പാർക്കുകൾ</u>**

*53 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ പരമാവധി കുറച്ച് നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരണമെന്ന ഐക്യരാഷ്ട്രസഭയുടെ ആഹ്വാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ജലാശയങ്ങളിൽ ലവണത്തിന്റെയും മറ്റ് മൂലകങ്ങളുടെയും തോത് കുറവായതുകൊണ്ട് ഹരിത ഹൈഡ്രജൻ ഉല്പാദനത്തിന് അനുകൂലമായ സാഹചര്യമാണുള്ളതെന്നത് പരിശോധിച്ചിട്ടുണ്ടോ; വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, കൊച്ചി തുറമുഖം എന്നിവ കേന്ദ്രീകരിച്ച് ഹരിത ഹൈഡ്രജൻ പാർക്കുകൾ ഉൾപ്പെടെയുള്ള വൻകിട പദ്ധതികൾ നടപ്പാക്കാൻ സ്വകാര്യ കമ്പനികൾ താൽപ്പര്യം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൊച്ചി, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഹൈഡ്രജൻവാലിയും ഹൈഡ്രജൻ ഹബ്ബും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പുതുതലമുറ ഇ.വി.ചാർജ്ജിംഗ് സംവിധാനങ്ങൾ ഉയർന്ന നിക്ഷേപവും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമുള്ളവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതുതലമുറ ഇ.വി.ചാർജ്ജിംഗ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ നിക്ഷേപം ആകർഷിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>**സഹകരണ വകുപ്പിലെ നാലാം നൂറുദിന കർമ്മപരിപാടി**</u>

*54 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി സഹകരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി അക്ഷര നഗരിയായ കോട്ടയത്തെ അക്ഷര ടൂറിസം ഹബ്ബാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നാലാം നൂറ് ദിന പരിപാടിയുടെ ഭാഗമായി ഗിഗ് വർക്കേഴ്സിന് ഗുണകരമായ പദ്ധതികൾ സഹകരണ വകുപ്പ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>**ശബരിമല മാസ്റ്റർപ്ലാൻ**</u>

*55 **ശ്രീ എം മുകേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ശബരിമല മാസ്റ്റർ പ്ലാനിലുൾപ്പെട്ട ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷം എന്തു തുകയാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ശബരിമല റോപ് വേ പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**സംസ്ഥാനാതിർത്തികളിലെ നികുതി വെട്ടിപ്പ് തടയാൻ നടപടി**

*56 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന ചരക്കുനീക്കത്തിൽ കാര്യക്ഷമമായ പരിശോധനയില്ലാത്തതിനാൽ വ്യാപകമായ നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചെക്ക്പോസ്റ്റുകൾ പൂർണമായും ഒഴിവാക്കിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാനാതിർത്തികളിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പുരോഗതി വിശദമാക്കുമോ?

**സോളാർ എനർജി കോർപ്പറേഷനിൽ നിന്നും വൈദ്യുതി**

*57 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതി കുറഞ്ഞ ചെലവിൽ കണ്ടെത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പാക്കുന്ന കരാറുകളുടെ ഭാഗമായി സോളാർ എനർജി കോർപ്പറേഷനിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പകൽസമയത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി സംഭരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സോളാർ എനർജി കോർപ്പറേഷന്റെ സഹായത്തോടെ വൈദ്യുതി സംഭരിക്കുന്നതിനായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**സഹകരണ മേഖലയിൽ തനതായ മാതൃകകളും നൂതന പദ്ധതികളും**

*58 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ വി ശശി**
**ശ്രീ. പി. ബാലചന്ദ്രൻ**

**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ തനതായ മാതൃകകളും നൂതന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യവസായം, ഉപഭോക്തൃസേവനം, ഭവനനിർമ്മാണം എന്നീ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ കൂടുതൽ ശക്തമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും നൈപുണ്യം നാടിന് പ്രയോജനപ്പെടുത്തുന്നതിന് സഹകരണ മേഖലയിൽ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) തൊഴിലന്വേഷകരുടെ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും കോഴ്സ് ഫീ വായ്പയായി നൽകുന്ന പദ്ധതി സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയങ്ങൾ തിരുത്താൻ നടപടി</u>

*59 **ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തികനയങ്ങൾ തിരുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത്തരം തെറ്റായ സാമ്പത്തിക നയങ്ങൾക്കെതിരെ മറ്റു സംസ്ഥാനങ്ങളെക്കൂടി പങ്കെടുപ്പിച്ച് ശക്തമായ പ്രക്ഷോഭം സംഘടിപ്പിക്കുമോ; വിശദമാക്കുമോ?

## <u>വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പദ്ധതി</u>

*60 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, ഇടുക്കി, കാസർഗോഡ് എന്നീ പിന്നാക്ക ജില്ലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഓരോ ജില്ലയ്ക്കും എത്ര കോടി രൂപ വീതമാണ് അനുവദിക്കുന്നതെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 സെപ്റ്റംബർ 30, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].